**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളുടെ ലഹരി ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിച്ചതും ,ലഹരി കച്ചവടം നടത്തിയതും, ലഹരി ഉപയോഗിച്ച് അതിക്രമം നടത്തിയതുമായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിച്ചതും ,കച്ചവടം നടത്തിയതും, ലഹരി ഉപയോഗിച്ച് അതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ഈ വിഷയം സംബന്ധിച്ച് പത്രവാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ എല്ലാ കോണുകളിലും അദ്ധ്യാപകരുടെയും സുരക്ഷാ ജീവനക്കാരുടെയും ശ്രദ്ധ സദാസമയവും എത്തുന്ന തരത്തിൽ ചുമതലകൾ വിഭജിച്ചു നൽകി. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രഥമാദ്ധ്യപകരെ ചുമതലപ്പെടുത്തി . സ്കൂളിലേയ്ക്ക് എത്തുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും അല്ലാത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ വരവിന്റെ ഉദ്ദേശവും ,വന്നതും പോയതുമായ സമയം രേഖപ്പെടുത്തുന്നതിനും വ്യക്തമായ രജിസ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഫലപ്രദമായ ബോധവൽക്കരണവും തിരുത്തൽ നടപടികളും കൈക്കൊള്ളുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (ബി) | തിരുത്തൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്, . എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിന് കഴിയുമോ എന്ന് പരിശോധിക്കുന്നതിനും , മദ്യം, മയക്കുമരുന്ന് എന്നിവ അദ്ധ്യാപകർ |

ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനു
വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം
നൽകിയിട്ടുണ്ട്.

കൂടാതെ സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പോലീസ്, എക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ഹയർസെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിത ശൈലീരോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെ ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവെലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴുവൻ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമാ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളുടെ വിഷയത്തിൽ തൊട്ടടുത്ത പി.എച്ച്.സികളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഹയർസെക്കണ്ടറി വിഭാഗത്തിൽ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും സൗഹൃദ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനത്തിൽ ലഹരി ഉപയോഗം തടയാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നു. സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ (സി.ജി.സി.സി) , നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി ഉപയോഗ നിരുൽസാഹപ്പെടുത്തുന്നതിനും ലഹരിഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമായി താഴെപ്പറയുന്ന പരിപാടികൾ നടത്തി വരുന്നു.

1. ലഹരിവിരുദ്ധ ചങ്ങലകൾ, കൂട്ടയോട്ടം,

| | | | | |
|---|---|---|---|---|
| | | | | ഫ്ളാഷ് മോബ് .<br>2. കടകളിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള നിയമപരമായ മുന്നറിയിപ്പുകൾ പതിക്കൽ<br>3. ലഹരി വിരുദ്ധ സന്ദേശം സംബന്ധിച്ച സ്റ്റിക്കറുകൾ<br>4. വീടുകൾ കേന്ദ്രീകരിച്ചുള്ള ലഹരി വിരുദ്ധ പ്രചാരണം.<br>5.സ്കൂൾ പരിസരത്തും ചുറ്റുമുള്ള പ്രദേശത്തും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമെതിരെയുള്ള ‘‘യെല്ലോ ലൈൻ കാമ്പയിൻ'.<br>6. വിദ്യാർത്ഥികളുടെ ആത്മ വിശ്വാസം വളർത്തുന്നതിനുള്ള ''ഇൻസൈറ്റ്'' പരിശീലനം<br>7. മാതാപിതാക്കൾക്ക് ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിന് 'പോസിറ്റീവ് പാരന്റിംഗ്'.<br>8. ഹാബിറ്റ് സ്ലേറ്റ്<br>9. ജാഗ്രതാ മതിൽ |

സെക്ഷൻ ഓഫീസർ